**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2862** **07-10-2025 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിന് വീട് നിർമ്മാണത്തിന് ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിന് വീട് നിർമ്മാണത്തിനായി ധനസഹായം ലഭിച്ചവരിൽ നിർമ്മാണം പൂർത്തിയാകാത്തവർക്ക് ധനസഹായം നൽകുന്നതിന് നിലവിൽ ഏതെങ്കിലും പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (എ) | ഉണ്ട്. വിവിധ സർക്കാർ പദ്ധതികളിലൂടെ ഭവന നിർമ്മാണത്തിന് ധനസഹായം ലഭിച്ചിട്ടും നിർമ്മാണം പൂർത്തീകരിക്കാത്ത പട്ടികജാതി- പട്ടികവർഗ്ഗ വിഭാഗക്കാരുടെ ഭവന പൂർത്തീകരണവും പുനരുദ്ധാരണവും ലക്ഷ്യമാക്കി പട്ടികജാതി - പട്ടികവർഗ്ഗവികസന വകുപ്പ് മുഖേന സേഫ് (Secure Accomodation & Facility Enhancement) എന്ന പേരിൽ പട്ടികജാതി ഗുണഭോക്താക്കൾക്ക് രണ്ട് ലക്ഷം രൂപയും പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് രണ്ടര ലക്ഷം രൂപയും അനുവദിക്കുന്ന ഭവന പുനരുദ്ധാരണ/ നവീകരണ പദ്ധതി നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ